പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5641 — 06.07.12ൽ മറുപടിയ്ക്ക്

ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ് | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര ടൂറിസം വകുപ്പിന് സമർപ്പിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | പെരുവണ്ണാമൂഴി കക്കയം ഡാം വികസനം, കാരാപ്പുഴ ഡാം വികസനം, ചെമ്പു വില്ലേജിലെ പാലക്കാരി ഫിഷ് ഫാമിന്റെയും ചുറ്റുമുള്ള പ്രദേശങ്ങളുടെയും വികസനം, ഉത്തരവാദിത്ത ടൂറിസത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് തൈയ്ക്കാട്ടുള്ള റിസോർട്ട് സൈറ്റിന്റെയും ഹെറിറ്റേജ് റസിഡൻസി ബിൽഡിംഗ് കോംപ്ലക്സിന്റെയും വികസനം, കൊച്ചിയിലെ വില്ലിംഗ്ടൺ ഐലന്റിന്റെ വികസനം, കൊല്ലം ജില്ലയിലെ കാപ്പിൽ ബീച്ചിന്റെയും ബോട്ട് ക്ലബിന്റെയും വികസനം, തുമ്പൂർ മൂഴി ഡാമിന്റെ വികസനം, ആലപ്പുഴ ബാക്ക് വാട്ടർ സർക്യൂട്ട് (മെഗാ ടൂറിസം സർക്യൂട്ട്), മൊബൈൽ സാങ്കേതിക വിദ്യയിൽ അധിഷ്ടിതമായ 2 പദ്ധതികൾ എന്നീ പദ്ധതികളാണ് കേന്ദ്ര ടൂറിസം വകുപ്പിന് സമർപ്പിച്ചിരിക്കുന്നത്. |
| (ബി) | ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനോടകം അംഗീകാരം ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ; | (ബി) | ഇതിൽ അംഗീകാരം ലഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കാരാപ്പുഴ ഡാം വികസനം<br>2. പെരുവണ്ണാമൂഴി - കക്കയം ഡാം സൈറ്റുകളുടെ വികസനം<br>3. തുമ്പൂർമൂഴി ഡാമിന്റെയും പരിസര പ്രദേശങ്ങളുടെയും വികസനം<br>4. മൊബൈൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ 2 പദ്ധതികൾ |
| (സി) | സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന തരത്തിൽ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ വിവിധ മാസ്റ്റർപ്ളാനുകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ